"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവണ്മെന്റ് പ്ലീഡറുടെ നിലവിലുള്ള ഒഴിവിൽ അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ-നെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ്**

സ.ഉ.(കൈ) നം.31/2025/LAW തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-

1 25.07.2024 തീയതിയിലെ സ.ഉ.(കൈ) നം.58/2024/LAW നമ്പർ ഉത്തരവ്.

2 30-01-2025 തീയതിയിലെ സ.ഉ.(കൈ) നം.10/2025/LAW നമ്പർ ഉത്തരവ്.

3. അഡ്വക്കേറ്റ് ജനറലിന്റെ 14-02-2025 തീയതിയിലെ S.S - GK 2/2021/AG നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിരുന്ന അഡ്വ. ജസ്റ്റിൻ ജേക്കബ് 22-01-2025 തീയതി പ്രാബല്യത്തിൽ രാജി സമർപ്പിക്കുകയും ആയത് സർക്കാർ പരാമർശം (2) പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. ആയതുമൂലമുണ്ടായ സീനിയർ ഗവണ്മെന്റ് പ്ലീഡറുടെ ഒരു ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിലേയ്ക്കായി ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ പരാമർശം (3) പ്രകാരം അയച്ചു തന്നിട്ടുള്ളതാണ്.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം അഡ്വക്കേറ്റ് ജനറൽ അയച്ചു തന്നിട്ടുള്ള പാനലിൽ നിന്നും ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവണ്മെന്റ് പ്ലീഡറുടെ നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ, കുരിശുംമൂട്ടിൽ ഹൗസ്, തുക്കൊടിത്താനം പോസ്റ്റ്, മാലൂർക്കാവ്, ചങ്ങനാശ്ശേരി,

കോട്ടയം- 686 105-നെ ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകന്റെ നിയമനവും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K G SANAL KUMAR

നിയമ സെക്രട്ടറി

പകർപ്പ്:-

1. അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ, കുരിശുംമൂട്ടിൽ ഹൗസ്, തൃക്കൊടിത്താനം പോസ്റ്റ്, മാലൂർക്കാവ്, ചങ്ങനാശ്ശേരി, കോട്ടയം - 686 105 (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം)
2. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
3. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം(ആമുഖ കത്ത് സഹിതം).
4. ബഹു. മുഖ്യമന്ത്രിയുടെ പി.എസ്.
5. ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി.എസ്.
6. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം.
7. പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 2798 തീയതി 26-03-2025)
8. നിയമ സെക്രട്ടറിയുടെ പി.എ.
9. ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം
10. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ & പി.ആർ.ഡി.
11. നിയമ(ഇൻസ്പെക്ഷൻ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി.എ.
12. നിയമ (നോഡൽ) വകുപ്പ്.
13. നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പ്.
14. സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Sajjad S
സെക്ഷൻ ഓഫീസർ
Date: 27-03-2025 16:44:34

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 26-03-2025**

ഫയൽ നം. 21/ഇൻസ്പെ.ബി1/2025/നിയമം. ഇനം നം: 2798

വിഷയം : നിയമ വകുപ്പ് - ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെ നിയമനം - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

2798

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.21/ഇൻസ്പെ. ബി1/2025/നിയമം |
| 2 | വകുപ്പ് | : | നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പ് |
| 3 | വിഷയം | : | ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെ നിയമനം - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/03/2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അല്ല<br>ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽകുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15/03/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 17/03/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17/03/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 17/03/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ബഹു. ഹൈക്കോടതിയിലെ സീനിയർ ഗവൺമെന്റ് പ്ലീഡറായിരുന്ന അഡ്വ. ജസ്റ്റിൻ ജേക്കബ് രാജിവെച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. 25-07-2024 തീയതിയിലെ സ.ഉ.(കൈ) 58/2024/നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചിരുന്ന അഡ്വ. ജസ്റ്റിൻ ജേക്കബ് 22-01-2025 പ്രാബല്യത്തിൽ രാജി സമർപ്പിക്കുകയും ആയത് സർക്കാർ സ്വീകരിക്കുകയും 30-01-2025 തീയതിയിലെ സ.ഉ.(കൈ)10/2025/നിയമം നമ്പർ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ചിട്ടുള്ളതുമാണ്.

3. 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 4 ഉം 6 ഉം ചട്ടങ്ങൾ പ്രകാരം ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരെ, മൂന്ന് വർഷ കാലയളവിലേയ്ക്ക്, അഡ്വക്കേറ്റ് ജനറൽ അയച്ചു തരുന്ന യോഗ്യരായ അഭിഭാഷകരുടെ പാനലിൽ നിന്നുമാണ് നിയമിക്കുന്നത്.

4. ബഹു. ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ നിയമനവും പുനർ നിയമനവും നടത്തുന്നത് മന്ത്രിസഭായോഗ തീരുമാനത്തിലൂടെയാണ്.

5. ബഹു. ഹൈക്കോടതിയിലെ മേൽപ്പറഞ്ഞ സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ നിയമനം നടത്തുന്നതിലേയ്ക്കായി മൂന്ന് അഭിഭാഷകരുടെ പേരുകൾ അടങ്ങിയ ഒരു പാനൽ അഡ്വക്കേറ്റ് ജനറൽ 14-02-2025 തീയതിയിലെ S.S-GK 2/2021/AG നമ്പർ കത്ത് പ്രകാരം അയച്ചു തന്നിട്ടുള്ളതാണ്. പ്രസ്തുത പാനലിൽ ഉൾപ്പെട്ടവരുടെ പേരും വിശദാംശങ്ങളും താഴെ പറയും പ്രകാരമാണ്.-

1. അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ,

   കുരിശുംമൂട്ടിൽ ഹൗസ്,

   തൃക്കൊടിത്താനം പോസ്റ്റ്,

   മാലൂർക്കാവ്, ചങ്ങനാശ്ശേരി,

   കോട്ടയം - 686 105.

2. അഡ്വ.അബനി പി.,

വ്ളാവിൽ ഹൗസ്, കരിമണ്ണൂർ പി.ഒ.,

തൊടുപുഴ, ഇടുക്കി - 685 581.

3. അഡ്വ. അരുൺ ദാസ് എൻ.ഡി.,

നിവർത്തിൽ ഹൗസ്, തൈക്കൽ പി.ഒ.,

ചേർത്തല, ആലപ്പുഴ – 688 530.

മേൽപ്പറഞ്ഞവരിൽ, അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ (ക്രമ നമ്പർ 1) എന്നയാൾ ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ നിയമിക്കപ്പെടാൻ ഏറ്റവും കഴിവുള്ളതും അനുയോജ്യനുമായ വ്യക്തിയാണെന്ന് അഡ്വക്കേറ്റ് ജനറൽ പ്രസ്തുത കത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളതുമാണ്.

6. തുടർന്ന്, അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം പ്രസ്തുത പാനലിൽ നിന്നും ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെ നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ, കുരിശുംമൂട്ടിൽ ഹൗസ്, തൃക്കൊടിത്താനം പോസ്റ്റ്, മാലൂർക്കാവ്, ചങ്ങനാശ്ശേരി, കോട്ടയം - 686 105 -നെ നിയമിക്കാവുന്നതാണോ എന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയിരുന്നു, അതായത് :--

"മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്

ബഹു. മുഖ്യമന്ത്രി കണ്ടാലും."

ആയത് ബഹു. മുഖ്യമന്ത്രി 14/03/2025 തീയതിയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.

## തീരുമാനിക്കേണ്ട സംഗതി

ബഹു. ഹൈക്കോടതിയിൽ സീനിയർ ഗവൺമെന്റ് പ്ലീഡറുടെ നിലവിലുള്ള ഒഴിവിലേയ്ക്ക് അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്ത പ്രകാരം അഡ്വ. സെബാസ്റ്റ്യൻ ജോസഫ് കുരിശുംമൂട്ടിൽ, കുരിശുംമൂട്ടിൽ ഹൗസ്, തൃക്കൊടിത്താനം പോസ്റ്റ്, മാലൂർക്കാവ്, ചങ്ങനാശ്ശേരി, കോട്ടയം - 686 105 -നെ ചുമതല ഏറ്റെടുക്കുന്ന തീയതി മുതൽ മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നിയമിക്കാവുന്നതാണോ ?

# GOVERNMENT OF KERALA
## (SHRI.PINARAYI VIJAYAN MINISTRY)
## NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File No. | : | No. 21/Insp B1/2025/Law |
| 2. | Department | : | Law (Inspection B) Department |
| 3. | Subject | : | Appointment of Senior Government Pleader in the Hon'ble High Court of Kerala -Reg. |
| 4. | Date of Chief Minister's order for placing before the Council | : | 14/03/2025 |
| 5. | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether the Finance Department been consulted and their remarks incorporated in the Note for Council? | :<br>: | No<br>NA |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Shri. S. Rajeev |
| 8. | Name of Secretary who approved the Draft Note | : | Shri.K.G. Sanal Kumar |
| 9. | Date of approval of the Draft Note for the Council by the Secretary. | : | /03/2025 |
| 10. | Name of Chief Secretary who approved the Draft Note | : | Smt. Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | 17/03/2025 |
| 12. | Name of Minister who approved the Draft Note | : | Shri. P. Rajeeve |
| 13. | Date of approval of the Draft Note for the Council by the Minister | : | /03/2025 |
| 14. | Date of submission of the fair copies | : | /03/2025 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number and date of G.O/letter communicating the decision | : | |

## NOTE FOR COUNCIL OF MINISTERS

This note deals with the appointment of Senior Government Pleader in the Hon'ble High Court of Kerala in the existing vacancy which arose consquent on the resignation of Adv. Justin Jacob, Senior Government Pleader in the Hon'ble High Court of Kerala.

2. Adv. Justin Jacob who was appointed vide G.O. (Ms.)No. 58/2024/Law dated 25-07-2024 had submitted his resignation with effect from 22-01-2025 and the Government have considered the same and accorded sanction vide G.O.(Ms.) No. 10/2025/Law dated 30-01-2025. Cf x 7 Cf x 35

3. The Government Law Officers in the High Court are appointed as per rules 4 and 6 of the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 for a period of three years from the panel of qualified Advocates forwarded by the Advocate General.

4. The appointment and re-appointment of Government Law Officers in the High court is a matter to be decided by the Council of Ministers.

5. The Advocate General vide letter No. S.S-GK 2/2021/AG dated 14-02-2025 Cf x 1 has forwarded a panel containing names of three Advocates for the appointment to the post of Senior Government Pleader in the above said vacancy. The name and particulars of Advocates included in the said panel are as follows: -

1. Adv. Sebastian Joseph Kurisummoottil,

Kurisummoottil House,

Thrikodithanam Post,

Maloorkavu, Changanacherry,

Kottayam - 686 105.

2. Adv. Abani P.,

Vlavil House, Karimannoor P.O.,

Thodupuzha, Idukki – 685 581

3. Adv. Arun Das N.D.,

Nivarthil House,

Thyckal P.O.,

Cherthala,

Alappuzha – 688 530

The Advocate General has suggested that among them, Adv. Sebastian Joseph Kurisummoottil (Serial No. 1) is more competent and suitable for appoinment to the post of Senior Government Pleader in the Hon'ble High Court of Kerala.

6. When the file was circulated to Hon'ble Chief Minister through the Hon'ble Minister for Law, Industries and Coir for orders as to whether the matter of appointment of Adv. Sebastian Joseph Kurisummoottil, Kurisummoottil House, Thrikodithanam Post, Maloorkavu, Changanacherry, Kottayam - 686 105, as Senior Government Pleader in the existing vacancy as recommended by the Advocate General in the said panel be placed before the Council of Ministers, the Hon'ble Minister for Law, Industries and Coir has forwarded the file to the Hon'ble Chief Minister with the following suggestion:-

"മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്

ബഹു. മുഖ്യമന്ത്രി കണ്ടാലും."

The Hon'ble Chief Minister has approved the same on 14/03/2025.

**POINT FOR DECISION**

Whether Adv. Sebastian Joseph Kurisummoottil, Kurisummoottil House, Thrikodithanam Post, Maloorkavu, Changanacherry, Kottayam - 686 105 may be appointed in the existing vacancy of Senior Government Pleader in the Hon'ble High Court as recommended by the Advocate General for a period of three years from the date of assuming charge or attaining the age of 60 years whichever is earlier as per the provisions of the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 ?

SO 15/3 15/3/25 US 15/3/2025 ALS 15/3/25

17/3 17/3